ஸ்ரீ. எ. சிதம்பரநாத நாடார்: இந்த மாதிரி அபேக்ஷை எந்த எம். எல். எயிடமிருந்து என்று சொல்லமுடியுமா?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ അപേക്ഷകൾ വന്നിട്ടില്ല.

ട്രാൻസ്പോർട്ട ബസ്സുകൾക്കു് ടാക്സു്

*൪൯൨. (൨൭) ശ്രീ. കോന്നാത്തു് കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

സ്റ്റേറ ട്രാൻസ്പോർട്ട ബസ്സുകൾ പ്രൈവറ ബസ്സു് ഉടമകൾ അടയ്ക്കുന്ന പ്രകാരം സ്റ്റേററിനു ടാക്സു് കെട്ടുന്ന സംപ്രദായം ഉണ്ടോ?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഉണ്ടു്.

റയിൽവെ അഡൈവസറി ബോർഡു്

*൪൯൩. (൨൮) ശ്രീ. കോന്നാത്തു് കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്തിലെ റയിൽവെ അഡൈവസറി ബോർഡു് മെംബറായി തിരഞ്ഞെടുത്ത ഡാക്ടർ മാധവൻ വല്ല മീററിംഗിലും ഇതേവരെ ഹാജരായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ ഉദ്യോഗത്തിൽ ഐക്യസംസ്ഥാനത്തിലേക്കു വേണ്ടുന്ന വല്ല ഉപദേശങ്ങളും കൊടുപ്പിക്കാൻ സന്ദർഭം ലഭിച്ചിട്ടുണ്ടോ;

(സി) കൊല്ലം, ആലപ്പുഴ വഴിയായോ, കോട്ടയം വഴിയായോ റയിൽവേ എറണാകുളം തിരുവനന്തപുരം കൂട്ടിയോജിപ്പിക്കുന്ന കാര്യം ഉപദേശകസമിതിയിൽ വരികയുണ്ടായോ?

(ഡി) ഉണ്ടായെങ്കിൽ എന്താണു തീരുമാനമുണ്ടായതു്?

ചീഫ് മിനിസ്റ്റർ (ശ്രീ സി. കേശവൻ):

(എ) ൧൦—൯—൧൯൪൦, ൧൦—൯—൧൯൪൦, ൨൬—൧൨—൧൯൪൦ ഈ തീയ്യതികളിൽ നടന്ന റെയിൽവെ അഡൈവസറി ബോർഡു് മീററിംഗുകളിൽ അദ്ദേഹം ഹാജരായിട്ടുണ്ടായിരുന്നു.

(ബി) ഉണ്ടു്.

(സി) ൧൦—൯—൧൯൪൦-ൽ കൊല്ലം-എറണാകുളം റെയിൽവെ കൂട്ടിയോജിപ്പിക്കുന്ന കാര്യം ബോർഡു മീററിംഗിൽ വരികയുണ്ടായി.

(ഡി) അതിന്റെ സർവ്വെ നടത്തുന്നതിനുവേണ്ട എസ്റ്റിമേററ് ഇൻഡ്യാഗവൺമെന്റിനു് റയിൽവേക്കാർ അയച്ചിട്ടുണ്ടെന്നും അതു പാസായ ഉടനെ സർവ്വെ ആരംഭിക്കുന്നതാണെന്നും ബോർഡു പ്രെയർമാൻ കമ്മിററി അംഗങ്ങളെ അറിയിക്കുകയുണ്ടായി.

ശ്രീ ഇ പീ. പൗലോസ്: സർവ്വെ നടത്തുന്നതിലേയ്ക്കു എതു വഴിയാണു സഹകരിയ്ക്കുമെന്നു പ്രാരംഭനേപഷണങ്ങൾ നടത്തുന്നതിനായി ഒരുദ്യോഗസ്ഥൻ ഏതാനും മാസങ്ങൾക്കു മുമ്പു ഇവിടെ വന്നിരുന്നതായി അറിയാമോ?

ശ്രീ. സി. കേശവൻ: വന്നിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly